## പതിമൂന്നാം കേരളനിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.96 — 10.06.2013 ന് മറുപടിയ്ക്ക്.

### വനത്തോട് ചേർന്നുള്ള പ്രദേശങ്ങളിലെ ജൈവവൈവിദ്ധ്യ സംരക്ഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. എ.റ്റി.ജോർജ്ജ്<br>ശ്രീ.കെ.ശിവദാസൻ നായർ<br>ശ്രീ.പി.സി.വിഷ്ണുനാഥ് | ശ്രീ.ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) വനത്തോട് ചേർന്നുള്ള ഭൂപ്രദേശങ്ങളിലെ ജൈവവൈവിദ്ധ്യം സംരക്ഷിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) സംരക്ഷിത പ്രദേശങ്ങൾക്കു ചുറ്റുമുള്ള നിശ്ചിത അകലത്തിലുള്ള മേഖലകളുടെ സംരക്ഷണം ഉറപ്പാക്കുന്നതിനായി ഇവ ഇക്കോ സെൻസിറ്റീവ് സോണുകളായി പ്രഖ്യാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ വനം വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ഇതു പ്രകാരമുള്ള പ്രൊപ്പോസലുകൾ കേന്ദ്രസർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. ഇതു കൂടാതെ വനങ്ങളോടൊപ്പം വനമേഖലകൾക്കു ചുറ്റുമുള്ള ജൈവവൈവിദ്ധ്യം സംരക്ഷിക്കുന്നതിനുവേണ്ടി പൊതുജനങ്ങൾക്കായി പ്രത്യേകിച്ച് വിദ്യാർത്ഥികൾക്കായി ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. |
| (ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രാരംഭ ഘട്ടത്തിലാണ്. സംസ്ഥാന സർക്കാർ സമർപ്പിച്ചിട്ടുള്ള കരട് നോട്ടിഫിക്കേഷൻ കേന്ദ്ര സർക്കാർ അംഗീകരിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്; വിശദമാക്കുമോ? | (സി) ഇക്കോ സെൻസിറ്റീവ് സോണുകളുടെ പ്രഖ്യാപനത്തിനുള്ള പ്രാരംഭ നടപടികൾ മാത്രമേ സ്വീകരിച്ചിട്ടുള്ളൂ. നോട്ടിഫിക്കേഷൻ കേന്ദ്രസർക്കാർ അംഗീകരിക്കുന്ന മുറയ്ക്കു മാത്രമേ ഇവയുടെ തുടർ സംരക്ഷണത്തിനായി ഏതൊക്കെ ഏജൻസികളുടെ പങ്കാളിത്തമാണ് ആവശ്യമെന്ന് നിശ്ചയിക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ.